# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 7925 — 24-07-2012-ൽ മറുപടിക്ക്

## വൈദ്യുതിബോർഡിലെ റീജിയണൽ ആഡിറ്റ് ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി ബോർഡിലെ റീജിയണൽ ആഡിറ്റ് ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന്നെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) വൈദ്യുതി ബോർഡിലെ റീജിയണൽ ആഡിറ്റ് ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന് താഴെ വിവരിച്ചിട്ടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>(1) ആഡിറ്റ് മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൂതനവും ഫലപ്രദവുമായ പരിശീലനം നൽകി വരുന്നു. അടുത്ത കാലത്തായി പ്രായോഗിക പരിശീലനം കൂടി ഉൾപ്പെടുത്തി പരിശീലന പരിപാടി വിപുലപ്പെടുത്തുന്നതിന് വേണ്ട നടപടികളെടുത്തു കൊണ്ടിരിക്കുകയാണ്.<br>(2) 20 സെക്ഷനിൽ കൂടുതൽ അധികാരപരിധിയുള്ള റീജിയണൽ ആഡിറ്റ് ഓഫീസർമാർക്ക് ഒരു അസിസ്റ്റന്റ് ആഡിറ്റ് ഓഫീസറെ കൂടെ നൽകുവാൻ (11/2007 മുതൽ) കൂടുതൽ തസ്തികകൾ സൃഷ്ടിച്ചു.<br>(3) ആഡിറ്റ് ഓഫീസുകളുടെ പ്രവർത്തനം തുടർച്ചയായി നിരീക്ഷിക്കുന്നതിനും, കാര്യക്ഷമത പരിശോധിക്കുന്നതിനുമായി തിരുവനന്തപുരം വൈദ്യുതി ഭവനിൽ ചീഫ് |

ഇൻറേണൽ ആഡിറ്ററുടെ കീഴിൽ 'മോണിറ്ററിംഗ് സെൽ' പ്രവർത്തിക്കുന്നു. ആഡിറ്റ് വ്യാപിപ്പിക്കുന്നതിലേയ്ക്കായി സിവിൽ പ്രോജക്ടുകളിൽ മാത്രം ഉണ്ടായിരുന്ന പ്രി-ചെക്ക് സിസ്റ്റം ഓഫ് ബിൽസ് ട്രാൻസ്മിഷൻ പ്രോജക്ടുകളിലേക്കു കൂടി വ്യാപിപ്പിച്ചു. ബോർഡിൻെറ എല്ലാ മേഖലകളിലേയ്ക്കും ഇൻേറണൽ ആഡിറ്റ് വ്യാപിപ്പിക്കുന്നതിലേയ്ക്കായി ഡിസ്ട്രിബ്യൂഷൻ വിങ്ങിൽ ഉണ്ടായിരുന്ന ആർ.എ.ഒ യുടെ ഫീൽഡ് ആഡിറ്റ് ട്രാൻസ്മിഷൻ. ജനറേഷൻ വിങ്ങിലേക്കുകൂടി വ്യാപിപ്പിക്കാൻ നടപടികൾ എടുത്തു വരുന്നു.

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ എ. പി . ടി . എസ് നെക്കാളും കൂടുതൽ തുക റവന്യൂ ഇനത്തിൽ ലഭിച്ചു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കു മോ ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് മൂലം ഉണ്ടായ വരുമാന വർദ്ധനവിൻെറ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**2011-12 വർഷത്തിൽ**

| | കണക്കാക്കപ്പെട്ടത് | പിരിഞ്ഞുകിട്ടിയത് |
|---|---|---|
| റീജിയണൽ ആഡിറ്റ് ഓഫീസർ | 19.9157131 കോടി രൂപ | 17.39 കോടി രൂപ |
| (സൈറ്റ് ഇൻസ്പെക്ഷൻ ഉൾപ്പെടെ) | 4.81 കോടി രൂപ | 1.14 കോടി രൂപ |
| എ.പി.ടി.എസ്. | | 11,34,93,537 രൂപ |

(സി) സാങ്കേതിക ജീവനക്കാരുടെ സഹായത്തോടെ നട ത്തി ക്കൊണ്ടി രിക്കുന്ന ഫീൽഡ് ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീക രിക്കു മോ ;

(സി) ഫീൽഡ് ഓഡിറ്റ് കൂടുതൽ മേഖലയിലേക്കു വ്യാപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള വിവിധ നിർദ്ദേശങ്ങൾ ബോർഡിൻെറ പരിഗണനയിലാണ്.

(ഡി) ഇതിന്റെ ഭാഗമായി എ.പി.ടി.എസ് ന് ഉള്ള വാഹനസൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

(ഡി) ബോർഡ് കൈക്കൊണ്ടിരിക്കുന്ന ചെലവ് ചുരുക്കൽ നടപടികളും, ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് പ്രത്യേക വാഹനം ഇപ്പോൾ നൽകുവാൻ സാധിക്കുകയില്ല. അത്യാവശ്യ ഘട്ടങ്ങളിൽ പകരം സംവിധാനമെന്ന നിലയിൽ വാഹനം വാടകക്കെടുത്തോ, ബോർഡിന്റെ മറ്റ് ഓഫീസുകളിൽനിന്നും വാഹനം എടുത്തോ ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ